സഹായധനം വിതരണം ചെയ്യുന്നതിനുമുൻപ് മെഷർമെൻറ് ബുക്കുകൾ ശരിയായി എഴുതിയില്ല.

2. ഇക്കാര്യത്തിൽ അസിസ്റ്റൻറ് കൺസർവേറ്റർ റേഞ്ചർ മാർക്ക് യഥാസമയം വേണ്ട നിർദ്ദേശങ്ങൾ നൽകുകയോ, അവരുടെ ചെയ്തികൾ പരിശോധിക്കുകയോ ചെയ്തില്ല.

3. ശരിയായ സ്ഥലപരിശോധന നടത്താതെ റെയിഞ്ചർമാർക്ക് പണം അഡ്വാൻസായി നൽകി.

4. ഒരു കർഷകന് 200 രൂപയിൽ കൂടുതൽ സഹായധനമായി നൽകരുതെന്ന വ്യവസ്ഥയ്ക്കു വിപരീതമായി ചില കുടുംബങ്ങളിലെ ഒന്നിൽ കൂടുതൽ അംഗങ്ങൾക്ക് സഹായധനം നൽകി.

4. കർഷകർക്ക് വേണ്ടത്ര തൈകൾ നൽകിയില്ല; നൽകിയവ തന്നെ മോശപ്പെട്ടവയായിരുന്നു.

(ഡി) സസ്പെൻഷനിൽ നിന്നുത്തിയിരുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള ശിക്ഷണ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്ന സാഹചര്യത്തിൽ അവരുടെ കാര്യം പുനരവലോകനം ചെയ്യുകയും അവരുടെ പേരിലുള്ള ശിക്ഷണ നടപടികൾക്ക് തടസ്സം നേരിടാത്ത രീതിയിൽ സർവ്വീസിൽ തിരിയെ പ്രവേശിപ്പിക്കാൻ ഉത്തരവാകുകയും ചെയ്തു. ശിക്ഷണ നടപടികൾ പൂർത്തിയാകുംവരെ ഇവരെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിയമിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പൊൻമുടി വനത്തിൽനിന്ന് മരം മുറിക്കുന്നതിന് അനുവാദം

508 [915] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാറിലെ മിനറൽ വാട്ടർ എക്സ്പോർട്ടിംഗ് എന്ന സ്വകാര്യ കമ്പനിക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടി പൊൻമുടി വനത്തിൽനിന്നും മരം മുറിയ്ക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ സ്ഥലത്തെ മരം മുറിക്കാനാണ് അനുമതി നൽകിയിരുന്നത്;

(സി) ഇതിന് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിരുന്നുവോ;

(ഡി) മരം മുറിച്ചുമാറ്റുന്നതിന് ടെൻഡർ നൽകിയിരുന്നുവോ;

(ഇ) എങ്കിൽ ആരാണ് ടെൻഡർ സ്വീകരിച്ചത്;

(എഫ്) പ്രസ്തുത കമ്പനിക്ക് കേബിൾ വഴി വൈദ്യുതി നൽകുന്നതിനെന്തായിരുന്നു തടസ്സം?

ഉത്തരം

(എ) കേരള വ്യവസായ വികസന കോർപ്പറേഷൻ സംയുക്ത മേഖലയിൽ ആരംഭിക്കുന്ന ധാതുജല കയറ്റുമതി സ്ഥാപനത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലൈൻ വലിക്കുന്നതിനുവേണ്ടി പൊൻമുടി–കല്ലാർ റോഡിന്റെ അടുത്തായി വനപ്രദേശത്തുനിന്നും മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഉദ്ദേശം 3.15 കിലോമീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും ഉള്ള സ്ഥലത്തുനിന്നുമാണ് മരങ്ങൾ മുറിക്കുവാൻ അനുവാദം നൽകിയത്.

(സി) വൈദ്യുതി കമ്പികൾ വലിക്കുന്നതിന് ആവശ്യമായ മരം മുറിക്കൽ ഉൾപ്പെടെയുള്ള പദ്ധതിക്കാണ് കേന്ദ്രസർക്കാരിന്റെ അനുവാദം കിട്ടിയിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കേബിൾ വഴി വൈദ്യുതി ലഭ്യമാക്കുവാൻ ഫർപ്പാടുകൾ ചെയ്യുന്നതെങ്കിൽ മുതൽമുടക്ക് കാര്യമായി വർദ്ധിക്കും എന്നും, വൈദ്യുത കമ്പികൾതന്നെ വലിക്കുവാൻ അനുവാദം കൊടുക്കണം എന്നും വ്യവസായ വകുപ്പ് നൽകിയ ഉപദേശം സ്വീകരിക്കുകയാണുണ്ടായത്.

ഫാക്ടറി സ്ഥാപിക്കുവാൻ വനം വെട്ടിത്തെളിച്ച സംഭവം

589 [916] ശ്രീ. സി.കെ. തങ്കപ്പൻ:

,, വി.എസ്. ചന്ദ്രശേഖരൻപിള്ള:

,, വി.ജെ. തങ്കപ്പൻ:

,, വി. കേശവൻ:

,, ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ വനപ്രദേശത്ത് ഒരു ഫാക്ടറി സ്ഥാപിക്കുവാൻ വനം വെട്ടിത്തെളിച്ചതു സംബന്ധിച്ച് കേരളാ വനം വകുപ്പിനോട് കേന്ദ്രം വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് എന്തു വിശദീകരണമാണ് നൽകിയത്?

ഉത്തരം

(എ), (ബി) ഈ വിഷയത്തിൽ കേരളാ വനം വകുപ്പിനോട് കേന്ദ്രം വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. കേന്ദ്രത്തിന്റെ അനുവാദത്തോടുകൂടിയാണ് ധാതുജലനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് വനഭൂമി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly